# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 04/07/14

*(06 RAMADAN 1435 Hijiri)*

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനു ശേഷം, തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹ ഓതിയ ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് പറഞ്ഞു.

**''വിശ്വാസികള നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി''**(2:184)

**''എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനെയും ഇൻസിനെയും ഞാൻ സൃഷ്ടിച്ചില്ല.''**(51:57)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ റമദാൻ മാസം ഒരിക്കൽക്കൂടി നമ്മുടെ പടിവാതിൽക്കൽ വന്നു നില്ക്കുകയാണ്. വിശ്വാസികൾ പ്രതീക്ഷിക്കുന്ന ഒരു മാസമാണിത്. കാരണം ഈ മാസത്തിൽ വളരെയധികം നേട്ടങ്ങളും നന്മകളും കുടികൊള്ളുന്നു. ഈ മഹത്തായ മാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ശഅ്ബാൻ മാസത്തിലെ ഖുത്തുബകളിൽ പ്രതിപാദിക്കാറുണ്ട്. റമദാൻ മാസം ആരാധനയുടെ മാസമാണ് എന്ന് പറയപ്പെടാറുണ്ട്. ആരാധന വർധിപ്പിക്കേണ്ട മാസമാണ് റമദാൻ എന്നുപറയുന്നതാണ് കൂടുതൽ ശരി. കാരണം നമ്മെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം തന്നെ അവനെ ആരാധിക്കുന്നതിനു വേണ്ടി മാത്രമാണ്. **''എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ, ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല.''**(51:57)

ഈ അനുഗൃഹീത മാസത്തിലെ നന്മകളോടൊപ്പം, ഈ മാസത്തിലെ ആരാധനകളുടെ ഉദ്ദേശ്യമെന്താണ് എന്നും അറിയേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണ്. റമദാൻ മാസത്തിലെ വ്രതാനുഷ്ഠാനത്തിന്റെ ഉദ്ദേശ്യത്തെപ്പറ്റി അല്ലാഹു (ത) വിശുദ്ധ ഖുർ ആനിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. **''വിശ്വാസികളെ! നിങ്ങൾക്കു മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നതു പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി''**(2:184)

തഖ്‌വ എന്ന വാക്കിന് പൊതുവായി പരിഭാഷ നല്കുന്നത് അല്ലാഹുവിനോടുള്ള ഭയം എന്നാകുന്നു. തഖ്‌വ എന്ന വാക്ക് '**വക്കാ**' എന്ന വാക്കിൽ നിന്നുള്ളതാണ്. സംരക്ഷിക്കുക എന്നാണ് വക്കാ എന്ന വാക്കിന്റെ അർത്ഥം.

ഹസ്രത് ഉമറുബ്നു ഖത്താബ് (റ) ഉബയ്യ്ബ്നു കഅ്ബ് (റ) നോട് തഖ്‌വയെക്കുറിച്ചു ചോദിച്ച കാര്യം റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഉബയ്യ് (റ) പറഞ്ഞു. വഴിയുടെ പാർശ്വങ്ങളിൽ മുള്ളുകളുള്ള വഴിയിലൂടെ താങ്കൾ സഞ്ചരിച്ചിട്ടുണ്ടോ ? ഉമർ (റ) പറഞ്ഞു. അതെ, സഞ്ചരിച്ചിട്ടുണ്ട്. അപ്പോൾ ഉബയ്യ (റ) ചോദിച്ചു. അപ്പോൾ താങ്കൾ എന്തു ചെയ്യും ? ഉമർ (റ) മറുപടിയായി പറഞ്ഞു. മുള്ളുകൾ എന്റെ വസ്ത്രത്തിൽ തട്ടാതെ വസ്ത്രത്തെ ഒതുക്കി മുന്നോട്ടു പോകും. ഉബയ്യ (റ) പറഞ്ഞു. അതാണ് തഖ്‌വ .

ഈ ഗുണപാഠകഥയിൽ നിന്നും നമുക്കൊരു കാര്യം ബോധ്യമാകും. അതായത് തഖ്‌വ എന്നത് ഒരു ഗുണമാകുന്നു. അത് ഒരു വിശ്വാസിയെ പാപങ്ങളിൽ നിന്നും തള്ളിമാറ്റി അവനെ സംരക്ഷിക്കുന്നു. സാത്താനിക പ്രേരണകൾ നമ്മെ വലയം ചെയ്തു നില്ക്കുകയാണ്; പ്രത്യേകിച്ച് നമ്മുടെ സമൂഹത്തിൽ, അതിന് നമ്മൾ പറയുന്ന പേര് മോഡേൺ എന്നാണ്. നമ്മുടെ വീട്ടിൽ പോലും നാം സുരക്ഷിതരല്ല. കാരണം മാധ്യമങ്ങളിലൂടെ പൈശാചിക സ്വാധീനങ്ങൾ നമ്മുടെ ഗൃഹാന്തരീക്ഷത്തിലും കടന്നു കൂടിയിരിക്കുകയാണ്. തഖ്‌വ യുള്ള ദൈവദാസൻ, പിശാച് ഒരുക്കുന്ന കെണിയിൽ നിന്നും രക്ഷപ്പെടുന്നു. അങ്ങനെ അവന്റെ സൃഷ്ടാവിന്റെ കോപത്തിൽ നിന്നും രക്ഷപ്പെടുന്നു. അങ്ങനെ അവന്റെ സൃഷ്ടാവിന്റെ കോപത്തിൽ നിന്നും രക്ഷപ്രാപിക്കുന്നു.

എന്റെ അഭിപ്രായത്തിൽ തഖ്‌വ യുടെ നിർവ്വചനം ഒരു ദൈവദാസൻ, താൻ ഭയപ്പെടുന്ന ഒന്നിൽ നിന്നും സ്വയം പ്രാപിക്കുവാൻ, സ്വയം ഒരുക്കുന്ന കവചമാണ്. ഒരു ദൈവദാസൻ തന്റെ രക്ഷിതാവിന്റെ ശിക്ഷയേയും ക്രോധത്തെയും ഭയപ്പെടുന്നു. ആയതിനാൽ അവനും അവൻ ഭയപ്പെടുന്നതിനുമിടയിൽ അവനെ സംരക്ഷിക്കുന്ന ഒന്നിനെ സ്ഥാപിക്കുന്നു. അത് അവനെ അല്ലാഹുവിന്റെ ക്രോധത്തിൽ നിന്നും ശിക്ഷയിൽ നിന്നും സംരക്ഷിക്കുന്നു. അതാണ് അനുസരണം. നിരോധിച്ച കാര്യത്തിൽ നിന്നും ദൂരപ്പെട്ടു നില്ക്കുക. റമദാൻ മാസത്തിൽ അല്ലാഹുവിന്റെ ദാസൻ വ്രതാനുഷ്ഠാനത്തിലായിരിക്കുമ്പോൾ, അവൻ കുടിക്കുന്നതിൽ നിന്നും, തിന്നുന്നതിൽ നിന്നും, മറ്റുള്ള ഇഛകളിൽ നിന്നും വിട്ടുമാറി നില്ക്കുന്നു. അവന്റെ പ്രകൃതിയിലുള്ള ഇഛകളെ അവൻ ത്യജിക്കുന്നു. അവന്റെ ജീവിതത്തിന് അത് നിർണ്ണായകമാണ്. എന്നിരുന്നാലും അല്ലാഹു (ത) ഏർപ്പെടുത്തിയ നിയന്ത്രണങ്ങളെ അവൻ മാനിക്കുന്നു. അല്ലാഹു (ത) നിശ്ചയിച്ച പരിധിയെ ബഹുമാനിക്കുവാൻ അവൻ പഠിക്കുന്നു. അവന്റെ തൃപ്തികരസ്ഥമാക്കുവാൻ അത് ഒഴിച്ചുകൂടുവാൻ പാടില്ലാത്തതാണെന്ന് അവൻ മനസ്സിലാക്കുന്നു. റമദാനിലുടനീളം ഈ അവശ്യകാര്യങ്ങളെ അവൻ വേണ്ടെന്നു വെയ്ക്കുവാൻ കഴിയുന്നെങ്കിൽ, ഇൻശാ അല്ലാഹ്, അവന് അനാവശ്യമായ പാപങ്ങളിൽ നിന്നും അകത്തു നില്ക്കുവാനുള്ള കഴിവ് ലഭിക്കുന്നു. വ്രതാനുഷ്ഠാനം നടത്തുന്ന ആൾ, വിശപ്പും ദാഹവും സഹിക്കുന്നു. അവൻ ഒരു തുള്ളിജലം പോലും കുടിക്കുന്നില്ല. അവനെ ആരും കാണുന്നില്ലെങ്കിൽ പോലും. അങ്ങനെ ഒരു ദൈവദാസൻ അവനിൽ ഒരു വിശ്വാസം വളർത്തി എടുക്കുന്നു. അതായത് അല്ലാഹു അവനെ കണ്ടുകൊണ്ടിരിക്കുന്നു എന്ന വിശ്വാസം. അവന്റെ സൃഷ്ടാവ് അവന്റെ ഉദ്ദേശങ്ങളും പ്രവർത്തനങ്ങളും അറിയുന്നവനാണ് എന്ന് അവൻ മനസ്സിലാക്കുന്നു. തുടർച്ചയായ 29, 30 ദിവസത്തെ വ്രതാനുഷ്ഠാനത്തിലൂടെ ഒരു വിശ്വാസി തഖ്‌വ വിപുലപ്പെടുത്തുകയും, ആത്മീയതയുടെ ഉന്നതിയിലെത്തുകയും ചെയ്യുമെന്നത് തർക്കമറ്റകാര്യമാണ്.

ദൗർഭാഗ്യവശാൽ അനേകം മുസ്‌ലിംകൾ ഈ അനുഗൃഹീതമാസത്തിനു ശേഷവും അവരുടെ പഴയ മോശമായ പ്രവർത്തനങ്ങളിലേക്ക് മടങ്ങി പോകുന്നതു കാണുന്നു. റമദാൻ മാസത്തിൽ പള്ളിയിലുണ്ടായിരുന്നതുപോലെ അവരെ പള്ളിയിൽ കാണാറില്ല. അതായത് നമസ്ക്കാരം, ഖുർ ആൻ പാരായണം, നല്ല ഗുണങ്ങൾ, ദാനധർമ്മങ്ങൾ തുടങ്ങിയ കാര്യങ്ങളിലൊന്നും കാണുന്നില്ല. അനേകം ആളുകൾ റമദാനു ശേഷവും അവരുടെ അനിയന്ത്രിത ജീവിതത്തിലേക്ക് തള്ളപ്പെടുന്നു. റമദാൻ മാസത്തിലെ സത്ഫലങ്ങൾ നമുക്ക് ആർജ്ജിക്കുവാൻ കഴിഞ്ഞുവോ ? നമ്മുടെ ഇബാദത്തുകൊണ്ട് പ്രയോജനം ലഭിച്ചുവോ ? നാം തഖ്‌വ ആർജ്ജിച്ചുവോ ? നമുക്ക് ഇത് എങ്ങനെയാണ് അറിയുവാൻ സാധിക്കുന്നത് ?

ഹസ്രത് അബൂഹറൈറ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഒരാൾ നബി (സ) യുടെ സവിധത്തിൽ വന്നു എന്നിട്ട് പറഞ്ഞു. **''ഇന്നഇന്ന ആളുകൾ രാത്രിയിൽ നമസ്ക്കരിക്കുവാൻ വരുന്നു. എന്നാൽ പ്രഭാതത്തിൽ മോഷണം നടത്തുന്നു. വിശുദ്ധ പ്രവാചകൻ (സ) പ്രതിവചിച്ചു. ''നിശ്ചയമായും അവന്റെ പ്രാർത്ഥന അവനെ തടയുന്നതാണ്.''(മുസ്നദ് അഹ്മദ്, ഇബ്നു ഹിബ്ബാൻ)**

ഈ പ്രവാചക വചനത്തിന്റെ വെളളിച്ചത്തിൽ നമുക്ക് പറയാൻ കഴിയും, ആരാധന, പ്രാർത്ഥന അല്ലാഹുവിന്റെ ദാസനെ പാപത്തിൽ നിന്നും തടയുന്നതാണ്. ഇതാണ് അല്ലാഹു (ത) വിശുദ്ധ ഖുർആനിലൂടെ പറയുന്നത്. **''ഈ ഗ്രന്ഥത്തിൽ നിന്ന് നിനക്ക് ദിവ്യ സന്ദേശം മുഖേന നല്കപ്പെട്ടത് നീ ഓതുക. നമസ്ക്കാരം നിലനിർത്തുകയും ചെയ്യുക. നീചകൃത്യങ്ങളെയും, നിഷിദ്ധ കർമ്മങ്ങളേയും നിശ്ചയമായും നമസ്ക്കാരം തടയുന്നതാണ്. തീർച്ചയായും അല്ലാഹുവിന്റെ സ്മരണ അതിമഹത്തരമാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നത് അല്ലാഹു അറിയുന്നതുമുണ്ട്.''(29:46)**

റമദാൻ മാസത്തിലെ, ഒരുവന്റെ പ്രയത്നങ്ങളാൽ യഥാർത്ഥ ഫലം കൊയ്യുന്നവൻ, റമദാൻ മാസത്തിനു ശേഷം, അവൻ മുമ്പായിരുന്ന അവസ്ഥയെക്കാൾ നല്ല നിലയിലായിരിക്കുന്നവനാണ്. അവൻ അനുസരിക്കുവാൻ തയ്യാറായിരിക്കും. നല്ല പ്രവർത്തനങ്ങൾ ചെയ്യുവാൻ തല്പരനായിരിക്കും. ആവശ്യമുള്ള കാര്യങ്ങൾ എളുപ്പത്തിൽ നിറവേറ്റുവാൻ തയ്യാറായിരിക്കും. കാരണം അതി മഹത്തായ സ്കൂളിൽ നിന്നുമാണ്

അവന് പരിശീലനം കിട്ടിയിട്ടുള്ളത്. (അതായത് റമദാൻ സ്കൂളിൽ നിന്നും) അവന്റെ വ്യതം അല്ലാഹു (ത) സ്വീകരിച്ചുവോ എന്ന കാര്യത്തിൽ അവന് ഭയമുണ്ടായിരിക്കും. കാരണം അല്ലാഹു (ത) തഖ്‌വയുള്ളവരുടെ പ്രവർത്തനങ്ങൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. മുൻഗാമികളായ ഭക്തൻമാർ അവരുടെ പ്രവർത്തനങ്ങൾ പരിപൂർണ്ണതയിലെത്തിക്കുവാൻ കഠിനാദ്ധ്വാനം ചെയ്തിട്ടുണ്ട്. അങ്ങനെ അവരുടെ പ്രവർത്തനങ്ങൾ സ്വീക രിക്കുമെന്ന പ്രതീക്ഷയിൽ. അതുപോലെ അവരുടെ പ്രവർത്തനങ്ങൾ തിരസ്ക്കരിക്കുമോ എന്നവർ ഭയന്നി രുന്നു. അലി (റ) ന്റെ വിവരണങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. അദ്ദേഹം പറഞ്ഞു പ്രവർത്തനങ്ങ ളേക്കാൾ ഉപരി, നിങ്ങളുടെ പ്രവർത്തനങ്ങൾ അല്ലാഹു അംഗീകരിക്കുമോ എന്നതിലായിരിക്കണം ശ്രദ്ധ ഊന്നേണ്ടത്. അല്ലാഹു (ത) പറഞ്ഞത് നിങ്ങൾ കേട്ടിട്ടില്ലേ ? **''മുത്തഖീങ്ങളിൽ നിന്ന് മാത്രമേ അല്ലാഹു (ത) സ്വീകരിക്കുകയുള്ളൂ.''(5:28)**

റമദാൻ മാസത്തിൽ നിന്നും ഒരു മുസ്‌ലീം നേട്ടം കൊയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തെളിഞ്ഞ, സംശുദ്ധമായ മനസ്സോടെ വ്യതമനുഷ്ഠിക്കേണ്ടതുണ്ട്. അത് ആർജ്ജിക്കുവാൻ കഴിയുന്നത് തഖ്‌വയിലൂടെയാണ്. ഇൻശാ അല്ലാഹ് ! ഇത് കരസ്ഥമാക്കുവാൻ അല്ലാഹു (ത) നമുക്ക് എല്ലാ പേർക്കും എല്ലാ നിലയിലും തൗഫീഖ് നൽകട്ടെ ! ആമീൻ.


<u>Translated & Issued By</u>
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*****************